(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ ഓവർഡ്രാഫ്റ്റ് ഇനത്തിൽ പലിശ നൽകുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നൽകിയ പലിശ എത്രയെന്ന് വ്യക്തമാക്കുമോ;

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) 1986 മേയ് 31-ന് സംസ്ഥാനത്തിന് ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നില്ല.

(ബി) ഉണ്ട്.

(സി) 38.84 കോടി രൂപ.

പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളിൽ വൈദ്യുതീകരണം.

* 174 [177] ശ്രീ. കെ.ടി.കണാരൻ:
,, എം.കെ.കേശവൻ:
,, കെ.ടി.കുമാരൻ:
,, കെ.ആർ.ചന്ദ്രമോഹനൻ:
,, കെ.ഇ.ഇസ്മയിൽ: താഴെ കാണുന്ന ചോദ്യത്തിന്മേൽ വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്താകെ എത്ര പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളിൽ വൈദ്യുതീകരിച്ചു;

(ബി) നിശ്ചയിച്ചതനുസരിച്ചു ഇനി വൈദ്യുതീകരിക്കാത്ത കോളനികൾ എത്ര;

(സി) അവ എന്നത്തേക്ക് വൈദ്യുതീകരിക്കുമെന്ന് പറയുവാൻ കഴിയുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണപിള്ള):

(എ) പട്ടികജാതി കോളനികൾ—632 എണ്ണം.
പട്ടികവർഗ്ഗകോളനികൾ—33 എണ്ണം.

(ബി) 5 പട്ടിക ജാതി കോളനികൾ.

(സി) ഈ സാമ്പത്തിക വർഷം തന്നെ വൈദ്യുതീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തിനു ലഭിച്ച ഗ്രാന്റ്

* 175 [173] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, മണിമംഗലത്തു കുട്ട്യാലി:
,, തൊപ്പിൽ രവി:
,, രാഘവൻ പൊഴക്കടവിൽ:
,, ജി. കാർത്തികേയൻ: താഴെക്കാണുന്ന ചോദ്യത്തിന്മേൽ ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

LIBRARY ARCHIVES Kerala Legislative Assembly